ND. C. 19/16, dt. 28.04.16

28.04.2016

# രൂപതാ ദിനം 2016

ഒരു കാലത്ത് മേയ് മാസം 1-ാം തിയതി യൂറോപ്പിൽ പുഷ്പദിനമായിരുന്നു. റഷ്യൻ വിപ്ലവത്തിനുശേഷം മേയ് 1-ാം തിയതി തൊഴിലാളി ദിനം (മേയ് ദിനം) ആയി. അതിനെ പവിത്രീകരിക്കാനായി പന്ത്ര  ാം പീയൂസ് മാർപ്പാപ്പ 1955-ലെ മേയ് ദിനത്തിൽ വി. പത്രോസിന്റെ അങ്കണത്തിൽ തടിച്ചുകൂടിയിരുന്ന തൊഴിലാളികളോട് പറഞ്ഞു: "ഞാൻ നിങ്ങൾക്ക് ഒരു സമ്മാനം തരുന്നു. മേയ് 1-ാം തിയതി മേലിൽ തൊഴിലാളിയായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ആയിരിക്കും." തിരുസഭ അങ്ങനെ മേയ് ദിനത്തെ പവിത്രീകരിച്ചിരിക്കുകയാണ്.

യേശുക്രിസ്തുവിന്റെ ജന്മനാട്ടുകാർ യേശുവിന്റെ വിജ്ഞാനപ്രദമായ പ്രസംഗം കേട്ടപ്പോൾ, "ഇയാൾ ആ തച്ചന്റെ മകനല്ലേ?" (മത്താ.13,35) എന്നാണ് ചോദിച്ചത്. യൗസേപ്പ് മരപ്പണിക്കാരനായിരുന്നു. മുപ്പതാമത്തെ വയസ്സുവരെ യേശുവും തന്റെ വളർത്തുപിതാവിനെപ്പോലെ മരപ്പണിചെയ്തിരുന്നു. എല്ലാ തൊഴിലുകളും ശ്രേഷ്ഠമാണ്. ഒരു തൊഴിലാളി ആയിരിക്കുമ്പോൾ യേശുവിനെയും വി. യൗസേപ്പിനെയും നാം അടുത്ത് അനുകരിക്കുകയാണ്.

കുറേക്കാലമായിട്ട് തൊഴിലാളികൾ നിരീശ്വര സ്വാധീനത്തിൽ മതവിശ്വാസത്തെ അവഗണിക്കുന്നതായി കാണുന്നു. ക്രൈസ്തവ രാജ്യങ്ങളിലും അക്രൈസ്തവ രാജ്യങ്ങളിലുമുള്ള തൊഴിലാളികൾ ക്രിസ്തുവിലേക്ക് തിരിയുന്നതിനാണ് തൊഴിലാളിയായ  വി. യൗസേപ്പിന്റെ തിരുനാൾ സഭ ആഘോഷിക്കുന്നത്.

പന്ത്ര  ാം പീയൂസ് പറയുന്നു: "ലോക രക്ഷകനായ ക്രിസ്തുവിന്റെ ഹൃദയത്തിൽ നിന്ന് പരിശുദ്ധാത്മാവ് നിങ്ങളിലും എല്ലാവരിലും വന്നു വസിക്കുന്നു. യേശൂവിന്റെ വളർത്തുപിതാവായ വി. യൗസേപ്പിലെന്നപോലെ വേറൊരു തൊഴിലാളിയിലും പരിശുദ്ധാത്മാവ് ഇത്ര അഗാധമായി പ്രവേശിച്ചിട്ടില്ല. യൗസേപ്പിതാവ് തൊഴിലിലും കുടുംബജീവിതത്തിലും യേശുവിനോടുകൂടെ ജീവിച്ചു. നിങ്ങൾ ക്രിസ്തുവിനോട് അടുത്തിരിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ വീ  ും ഞാൻ പറയുകയാണ്: 'യൗസേപ്പിന്റെ പക്കൽ പോകുവിൻ.' (ഉൽപ. 41,44).

നമ്മുടെ രൂപതയിൽ മേയ് മാസം ഒന്നാം തിയതി രൂപതാ മദ്ധ്യസ്ഥനായ വി. യൗസേപ്പ് പിതാവിന്റെ തിരുനാൾ രൂപതാ ദിനം ആയി ആചരിച്ചിരുന്നു. എന്നാൽ ഈ വർഷം (2016) അതു ലളിതമായി ഇടവകകളിൽ ആഘോഷിക്കുവാൻ തീരുമാനിച്ചു. അതനുസരിച്ച് 2016 മേയ് മാസം ഒന്നാം തിയതി (ഞായർ) രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും രൂപതാ ദിനമായി ആഘോഷിക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. കഴിഞ്ഞ 20 വർഷക്കാലം നമ്മുടെ രൂപതയ്ക്ക് ദൈവം നൽകിയ നിരവധി അനുഗ്രഹങ്ങൾക്ക് നന്ദി പറയുകയും ഇനിയുള്ള കാലയളവിൽ ദൈവപരിപാലന നമുക്കു ധാരാളം ലഭിക്കാൻ പ്രാർത്ഥിക്കുകയും ചെയ്യുക. രൂപതാ ദിനത്തിന്റെ എല്ലാ അനുഗ്രഹങ്ങളും ഞാൻ നിങ്ങൾക്കു നേരുന്നു.

നെയ്യാറ്റിൻകര                                        സ്നേഹാശംസകളോടെ

28.04.2016

റൈറ്റ് റവ. ഡോ. വിൻസെന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപതാ മെത്രാൻ

N.B. 1. വിശ്വാസികളുടെ പ്രാർത്ഥനയും വായനയും Vol. I. p.37 ഇതോടൊപ്പം ചേർത്തിരിക്കുന്നു
2. വൈദീകർ ഈ സർക്കുലർ 2016 മെയ് 1 ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി സമയത്ത് വായിച്ച് വിശദീകരിക്കുക.

1. കാരുണ്യവാനായ പിതാവേ,

തിരുസഭയുടെ പരമാദ്ധ്യക്ഷനായ പരിശുദ്ധ ഫ്രാൻസിസ് പാപ്പായെയും കർദ്ദിനാളന്മാരെയും മെത്രാന്മാരെയും സന്യസ്തരെയും വൈദികരെയും അവിടുത്തെ കരങ്ങളിൽ സമർപ്പിക്കുന്നു. തിരുസഭയെ വിശുദ്ധിയിൽ നയിക്കാൻ ആവശ്യമായ ആത്മീയ അനുഗ്രഹങ്ങളാൽ അവരെ ധന്യരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. കാരുണ്യവാനായ പിതാവേ,

തെക്കൻ കേരളത്തിൽ സുവിശേഷ പ്രഘോഷണം ശക്തമാക്കുവാൻ സ്ഥാപിതമായിരിക്കുന്ന ഞങ്ങളുടെ രൂപതയെയും രൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ വിൻസന്റ് സാമുവൽ പിതാവിനെയും എല്ലാ വൈദീകരെയും സന്യസ്തരെയും അങ്ങയുടെ കരങ്ങളിൽ സമർപ്പിക്കുന്നു. ക്രിസ്തുനാഥൻ പകർന്നു നൽകിയ വചനത്തിന്റെ വെളിച്ചം എല്ലാവരിലും എത്തിക്കുവാൻ ആവശ്യമായ കൃപാവരങ്ങൾ അവർക്കു നൽകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. കാരുണ്യവാനായ പിതാവേ,

പൗരോഹിത്യ ജീവിതത്തിനായും സമർപ്പിത ജീവിതത്തിനായും ഞങ്ങളുടെ രൂപതയിൽ നിന്നും ധാരാളം ദൈവവിളികൾ നൽകണമേ. ദൈവവേലയ്ക്കായി തങ്ങളുടെ മക്കളെ അയയ്ക്കുവാൻ മാതാപിതാക്കൾ സന്നദ്ധരാകുന്നതിനും ദൈവവിളി സ്വീകരിക്കുന്നവർ പ്രതികൂല സാഹചര്യങ്ങളിൽ ധൈര്യസമേതം മുന്നേറുവാനും അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. കാരുണ്യവാനായ പിതാവേ,

രൂപതാദിനമായി ആചരിക്കപ്പെടുന്ന ഇന്നേദിനം ഞങ്ങളുടെ രൂപതയിലെ എല്ലാ വിശ്വാസികളെയും സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. രൂപതയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയ്ക്കും വിശ്വാസ കൂട്ടായ്മയുടെ ശക്തീകരണത്തിനുംവേ ി സമയവും കഴിവും സമ്പത്തും പങ്കുവയ്ക്കുവാൻ എല്ലാ രൂപതാമക്കളെയും പ്രചോദിപ്പിക്കണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. കാരുണ്യവാനായ പിതാവേ,

ക്രിസ്തുവിന്റെ മൗതികശരീരമായ തിരുസഭ കരുണയുടെ അസാധാരണ ജൂബിലി വർഷം ആചരിക്കുമ്പോൾ, സ്വർഗ്ഗീയ പിതാവായ അങ്ങയുടെ കാരുണ്യത്തിന്റെ മാതൃക പിന്തുടരുവാനും അനുദിന ജീവിതത്തിൽ കാരുണ്യ പ്രവർത്തികൾ ചെയ്തുകൊ ് സഭയുടെ മുഖം തേജോമയമാക്കുവാൻ എല്ലാ വിശ്വാസികളെയും പ്രാപ്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

6. കാരുണ്യവാനായ പിതാവേ,

തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിക്കുന്ന ഈ സുദിനം തൊഴിൽ മേഖലയിലായിരിക്കുന്ന എല്ലാ സഹോദരങ്ങൾക്കും ആരോഗ്യവും മനസാന്നിദ്ധ്യവും നൽകണമേ. അധ്വാനത്തിന്റെ മാഹാത്മ്യം തിരിച്ചറിഞ്ഞ് തൊഴിൽ സാധ്യതകൾ ക െ ത്തിയും മുന്നേറുവാൻ എല്ലാ സഹോദരങ്ങളെയും അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

7. കാരുണ്യവാനായ പിതാവേ,

ഞങ്ങളുടെ വിശ്വാസ വളർച്ചയ്ക്കുവേ ി അദ്ധ്വാനിച്ച് മരണത്തിലൂടെ അങ്ങേ സന്നിധിയിലേക്ക് യാത്രയായ എല്ലാ വൈദികർക്കും സന്യസ്തർക്കും അല്മായ വിശ്വാസികൾക്കും

നിത്യസമ്മാനവും പുനരുത്ഥാന മഹത്വവും നൽകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

N.B. ദിവ്യബലിക്കുള്ള പ്രാർത്ഥനകൾ ദിവ്യപൂജാ ഗ്രന്ഥത്തിൽ നിന്ന് (പേജ് 519) എടുക്കുക. വിശ്വാസികളുടെ പ്രാർത്ഥന ഇതോടൊപ്പം ചേർത്തിരിക്കുന്നത് ഉപയോഗിക്കുക.

വായന Vol. I. p.37